"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡബ്ല്യു.എം.1/181/2024/LSGD
തദ്ദേശസ്വയംഭരണ (ഡബ്ല്യു.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 30-08-2024

<u>സർക്കുലർ</u>

വിഷയം:- തദ്ദേശ സ്വയംഭരണ വകുപ്പ്- കെ.എസ്.ഡബ്ല്യു.എം.പി.യുടെ സാമ്പത്തിക സഹായത്തോടെ നഗരസഭകളിൽ രണ്ടാംവർഷ പദ്ധതികൾ നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന:- കെ.എസ്.ഡബ്ല്യു.എം.പി. പ്രോജക്ട് ഡയറക്ടറുടെ 09.08.2024-ലെ 1741/LC2/2024/KSWMP നമ്പർ കത്ത്.

**********************

കെ.എസ്.ഡബ്ല്യു.എം.പി. രണ്ടാം വർഷ പദ്ധതിയുടെ ഭാഗമായി നഗരസഭകളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിലവിൽ ഏറ്റെടുത്തിട്ടുള്ളതും ഇനി ഏറ്റെടുക്കാവുന്നതുമായ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകളിലേയും ഖരമാലിന്യ പരിപാലന പ്ലാൻ അന്തിമമാക്കണമെന്നും, ഇത്തരത്തിൽ സ്ഥാപിക്കപ്പെടുന്ന ഖരമാലിന്യ പരിപാലന സംവിധാനങ്ങളിൽ നിന്നുമുണ്ടാകുന്ന റിജെക്ട് / ഇൻർട്ട് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി ശാസ്ത്രീയ ലാൻഡ്ഫില്ലുകളിലേയ്ക്ക് ഫോർവേഡ് ലിങ്കേജ് ഉറപ്പ് വരുത്തണമെന്നും ലോകബാങ്ക് നിഷ്കർഷിച്ചിരുന്നു. ടി രണ്ടു വിഷയങ്ങളിലും കാലതാമസം നേരിടുന്നതിനാൽ പ്രസ്തുത പ്രോജക്ടുകൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് 2024 ജൂൺ മാസം ലോക ബാങ്കുമായി നടന്ന ടേം റിവ്യൂ മീറ്റിങ്ങിൽ ചില പ്രൊജക്ടുകൾ ഏറ്റെടുത്ത് നടത്തുന്നതിന് ലോക ബാങ്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ ഒരു വിഭാഗം പ്രൊജക്ടുകൾ നിലവിൽ നടപ്പിലാക്കിവരുന്ന ചെറിയ നിക്ഷേപ പ്രൊജക്ടുകളും, മറ്റൊരു വിഭാഗം വലിയ നിക്ഷേപം ആവശ്യമായ 'പൈപ്പ് ലൈൻ പ്രൊജക്ടുകൾ' എന്ന രീതിയിലുമാണ് ധാരണയായിട്ടുള്ളത്.

(2) ലോക ബാങ്ക് തത്വത്തിൽ അംഗീകരിച്ച പ്രൊജക്ടുകൾ സംബന്ധിച്ചുള്ള വിശദാംശം ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ലോകബാങ്ക് അനുവദിച്ചിട്ടുള്ള പദ്ധതി ഘടകങ്ങൾ പ്രകാരം സ്ഥല ലഭ്യത, മാലിന്യത്തിന്റെ അളവ് എന്നിവ അടിസ്ഥാനമാക്കി പ്രൊജക്ട് നടപ്പിലാക്കുന്നതിന് ആവശ്യമായ വിലയിരുത്തൽ നടത്തി അതാത് നഗരസഭാ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽ നടപ്പിലാക്കാൻ സാധിക്കുന്ന രണ്ടാം വർഷ പ്രൊജെക്ടുകൾ കണ്ടെത്തുന്നതിന് എല്ലാ നഗരസഭകളും അടിയന്തിര നടപടി സ്വീകരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു. പ്രസ്തുത പ്രൊപ്പോസലുകളുടെ വിശദംശങ്ങൾ നഗരസഭകൾ കെ.എസ്.ഡബ്ല്യു.എം.പി.യിൽ സമർപ്പിക്കേണ്ടതാണ്.

അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
**Signed by Manish V V**
**Date: 30-08-2024 12:16:18**

സെക്ഷൻ ഓഫീസർ.

പകർപ്പ്

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.

പ്രോജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും.

(തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.

ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

# പ്രോജക്റ്റുകളുടെ ലിസ്റ്റ്

## വിഭാഗം 1:- നിലവിൽ നടപ്പിലാക്കിവരുന്ന ചെറിയ നിക്ഷേപ പ്രോജക്റ്റുകൾ

ഒന്നാം വർഷ പ്രോജക്റ്റുകൾ പ്രകാരം ഏറ്റെടുത്ത സംവിധാനങ്ങളുടെ സമഗ്ര ഡി.പി.ആറിന്റെ പൂർത്തീകരണത്തിന് ആവശ്യമായ അധിക ഘടകങ്ങൾ നടപ്പിലാക്കുന്നതിനുള്ള വാങ്ങലുകൾ , നിർമ്മാണ പ്രവൃത്തികൾ, അഗ്നിസുരക്ഷാ സംവിധാനങ്ങൾ സ്ഥാപിക്കൽ (അഗ്നി സുരക്ഷാ വിലയിരുത്തൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ) എന്നിവയ്ക്കായുള്ള പ്രോജക്റ്റുകൾ.

## വിഭാഗം 2:- വലിയ നിക്ഷേപം ആവശ്യമായ 'പൈപ്പ് ലൈൻ' പ്രോജക്റ്റുകൾ

I. **തദ്ദേശ സ്ഥാപനതല പ്രോജക്റ്റുകൾ**

1. **ജൈവമാലിന്യ പരിപാലനം**

   - ബയോ CNG പ്ലാന്റ് (30 ടണ്ണോ അതിലധികമോ പ്രതിദിനം ജൈവമാലിന്യം സംസ്കരിക്കാൻ ശേഷിയുള്ളത്)
   - വികേന്ദ്രീകൃത ബയോഗ്യാസ് പ്ലാന്റുകൾ (കുറഞ്ഞത് 5 ടൺ പ്രതിദിനം ശേഷിയുള്ളത്)
   - വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റ് (കമ്പോസ്റ്റിന്റെ ഫോർവേഡ് ലിങ്കേജ് ഉറപ്പാക്കി)

2. **വാഹനങ്ങൾ വാങ്ങൽ** (നിലവിലെ ശേഷി പ്രകാരം ട്രാൻസ്പോർട്ടേഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ)

   - ഉപയോഗശൂന്യമായ വാഹനങ്ങൾക്ക് പകരം വാങ്ങൽ
   - നിലവിലെ വിടവ് നികത്തുന്നതിന് ആവശ്യമായ പുതിയ വാഹനങ്ങൾ വാങ്ങൽ.

3. **വാഹനങ്ങൾ വാങ്ങുന്നതിനോട് അനുബന്ധിച്ച് ആവശ്യമായ സംവിധാനങ്ങൾ**

   - പാർക്കിംഗ് യാർഡുകൾ/സൗകര്യങ്ങൾ
   - വാഹനങ്ങൾ കഴുകുന്നതിനുള്ള സംവിധാനങ്ങൾ
   - ഇലക്ട്രിക്ക് വാഹന വൈദ്യുതി ചാർജിംഗ് സ്റ്റേഷനുകൾ
   - വാഹന ഡിപ്പോ നിർമ്മാണം (30 വാഹനങ്ങളിൽ കൂടുതൽ ഉണ്ടെങ്കിൽ)

4. **യന്ത്രങ്ങൾ വാങ്ങൽ**

- റോഡ് സ്വീപ്പിങ് മെഷീനുകൾ
- സക്കിങ് & ജറ്റിങ് മെഷീനുകൾ
- ഓടകളിലും തോടുകളിലും കുമിഞ്ഞുകൂടുന്ന ഖര മാലിന്യം നീക്കുന്നതിനുള്ള ഫ്ളോട്ടിങ് ബാരിയർ സ്ഥാപിക്കൽ.

5. **ബിസിനസ്സ് ഡവലപ്മെന്റ് പദ്ധതികൾ (ഹരിത കർമ്മ സേനാംഗങ്ങൾക്ക്)**

കെ.എസ്.ഡബ്ള്യു.എം.പി യുടെ സഹായത്തോടെ നഗരസഭകൾ തയ്യാറാക്കുന്ന ബിസിനെസ്സ് ഡെവലപ്മെന്റ് പ്ലാനുകളിൽ ഉൾപ്പെടുന്ന പ്രോജക്റ്റുകൾ

II. **മേഖലാതല പ്രോജക്റ്റുകൾ (തദ്ദേശ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നത്)**

1. **അജൈവ മാലിന്യ പരിപാലനം**
   - ആർ.ഡി.എഫ് പ്ലാന്റുകൾ (കോർപറേഷനുകളിലും വലിയ നഗരസഭകളിലും)
2. **സ്പെഷ്യൽ പ്രോജക്ടുകൾ**
   - റീ-സൈക്ലിംഗ് പ്ലാന്റുകൾ/പാർക്കുകൾ
   - കൺസ്ട്രക്ഷൻ & ഡെമോളിഷൻ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്
   - കമ്പോസ്റ്റ് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള പ്ലാന്റ്

**നോട്ട്:-** മേൽ പറഞ്ഞ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് ആവശ്യമായ സ്ഥല ലഭ്യത, പരിപാലിക്കേണ്ട മാലിന്യത്തിന്റെ ലഭ്യത,തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സന്നദ്ധത, മേഖല തല പ്രോജക്ടുകളുടെ കാര്യത്തിൽ മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യം സ്വീകരിക്കുന്നതിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ താത്പര്യം, പ്രൊജക്റ്റ് നടപ്പിലാക്കുന്നതിനുള്ള ഫീസിബിലിറ്റി എന്നിവ ഉറപ്പ് വരുത്തി 2024 ഡിസംബർ മാസത്തോടുകൂടി ആരംഭിക്കാൻ കഴിയുന്ന പദ്ധതികളാണ് പരിഗണിക്കുന്നത്.